**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **13-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് പുതിയ വ്യവസായ പാർക്കുകൾക്കായി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്കിലെ കണ്ണൂരു വില്ലേജിൽ ഉൾപ്പെടുന്ന 22 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു.<br><br>കാസർഗോഡ് ജില്ലയിൽ വ്യവസായ എസ്റ്റേറ്റിനായി പുതിയതായി മടിക്കൈ, പുതുക്കൈ വില്ലേജുകളിലായി ആകെ 82.82 ഏക്കർ ഭൂമി വ്യവസായ വാണിജ്യഡയറക്ടറേറ്റ് ഏറ്റെടുത്തിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ചുറ്റമതിൽ നിർമ്മാണം പുരോഗമിക്കുന്നു. സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ആഭ്യന്തര റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കാസർകോഡ് KSIDC യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർധനവും പാക്കിങ്ങും മറ്റു വ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങുന്നതിനു അനുയോജ്യമായിട്ടാണ് കെട്ടിടം രൂപ കല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്കിലെ കണ്ണൂരു വില്ലേജിൽ ഉൾപ്പെടുന്ന 22 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു.<br><br>കാസർഗോഡ് ജില്ലയിൽ വ്യവസായ എസ്റ്റേറ്റിനായി പുതിയതായി മടിക്കൈ, പുതുക്കൈ വില്ലേജുകളിലായി ആകെ 82.82 ഏക്കർ ഭൂമി വ്യവസായ വാണിജ്യഡയറക്ടറേറ്റ് ഏറ്റെടുത്തിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ചുറ്റമതിൽ നിർമ്മാണം പുരോഗമിക്കുന്നു. സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ആഭ്യന്തര റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കാസർകോഡ് KSIDC യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർധനവും പാക്കിങ്ങും മറ്റു വ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങുന്നതിനു അനുയോജ്യമായിട്ടാണ് കെട്ടിടം രൂപ കല്പന ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ ചുറ്റമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ